## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 532** **10-02-2025 - ൽ മറുപടിയ്ക്ക്**

## വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ചുള്ള നികുതി വെട്ടിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നികുതിവെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം തട്ടിപ്പിലൂടെയുണ്ടാകുന്ന വരുമാനച്ചോർച്ച കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി രജിസ്ട്രേഷൻ ഉപയോഗിച്ച് നികുതി വെട്ടിപ്പുകൾ നടത്തുന്നതായി വകുപ്പിലെ ഇന്റലിജൻസ് & എൻഫോഴ്സ്മെൻറ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ സെർച്ച്/ ഇൻവെസ്റ്റിഗേഷൻ എന്നീ നടപടികളിലൂടെ വ്യാജമായി കൈമാറ്റം ചെയ്തതായി കണ്ടെത്തുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ചുപിടിക്കുന്നതിനും ഇത്തരത്തിലുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു. കൂടാതെ വെട്ടിപ്പ് നടത്തിയവർക്കെതിരെ പെനാൽറ്റി നടപടികളും സ്വീകരിച്ചുപോരുന്നു. ഇതോടൊപ്പം തന്നെ ദേശീയതലത്തിൽ നടന്നുവരുന്ന "ആന്റി ഫേക്ക് ഇൻവോയ്സ് രജിസ്ട്രേഷൻ ഡ്രൈവ്" എന്ന പദ്ധതിയിലൂടെയും സംസ്ഥാനങ്ങൾ പരസ്പരം കൈമാറുന്ന വിവരങ്ങളിലൂടെയും ഇത്തരം വ്യാജ രജിസ്ട്രേഷൻ കണ്ടെത്തി മേൽ വിവരിച്ച രീതിയിലുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു.ഇത്തരത്തിലുള്ള നികുതി വെട്ടിപ്പിന്റെ കണക്കുകൾ ശേഖരിച്ചുവരുന്നു |
| (ബി) | ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | പുനഃസംഘടനയിലൂടെ ഇപ്പോൾ വകുപ്പ് പ്രവർത്തിക്കുന്നത് ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ മൂന്ന് വിഭാഗങ്ങളായാണ്. ഇതിൽ ഓരോ വിഭാഗങ്ങളും നികുതി പിരിവ് ഊർജ്ജിതമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതികവിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം. ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പ് വരുത്തി സേർച്ച്/ |

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു.<br><br>എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളെടുക്കുകയും ചെയ്യുന്നു. ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിന് വ്യാജ രജിസ്ട്രേഷൻ പിടിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ടാക്സ് പെയർ സർവ്വീസസ് വിഭാഗം ഇത്തരം വ്യാജ രജിസ്ട്രേഷനുകളെ തുടക്കത്തിലെതന്നെ തിരിച്ചറിയാനുള്ള പ്രവർത്തനം സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ് മുഖാന്തിരം നടത്തുന്നുണ്ട്. കൂടാതെ ടാക്സ് പെയർ സർവ്വീസസ് വിഭാഗം കൈമാറ്റം ചെയ്യപ്പെട്ട വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ബ്ലോക്ക് ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ